I/75963/2022

**തദ്ദേശസ്വയംഭരണവകുപ്പ് പ്ലാനിംഗ്, ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ**

**ജില്ലാനഗരാസൂത്രകന്റെ നടപടിക്രമം**

വിഷയം :- തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്- ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ-തളിപ്പറമ്പ് മുനിസ്സിപ്പാലിറ്റി-തളിപ്പറമ്പ് വില്ലേജ്- റീ.സ.നമ്പർ 6/101, 6/111, 6/138, 6/139 ൽ പെട്ട സ്ഥലത്ത് ഗ്രൂപ്പ് എ2 -സ്പെഷ്യൽ റസിഡൻഷ്യൽ ഗണത്തിൽ ഉൾപ്പെടുന്ന കെട്ടിടം നിർമ്മിക്കുന്നതിന് ഭൂപയോഗത്തിനും ലേഔട്ടിനും അനുമതിക്കും അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: - 1) KMBR-2019 ചട്ടം 30

2) സിസ്റ്റർ ലിറ്റിൽ തെരേസ് സി.എം.സി. (പ്രസിഡണ്ട്), സി.എം.സി. കാർമെലൈറ്റ് പ്രൊവിൻഷ്യൽ, നെല്ലിക്കാംപോയിൽ, പി. ഒ. ഉളിക്കൽ. 20/10/2022 തീയതിയിൽ സമർപ്പിച്ച അപേക്ഷ.

---

**ഉത്തരവ് നമ്പർ TCPKNR/1211/2022-C** **തീയതി** 21-11-2022

---

കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ മുനിസ്സിപ്പാലിറ്റിയിൽ തളിപ്പറമ്പ വില്ലേജിൽ റി. സ. 6/101, 6/111, 6/138 & 6/139 ൽ സ്ഥിതി ചെയ്യുന്ന 17499 ച . മീ വിസ്തൃതിയുള്ള പ്ലോട്ടിൽ ഗ്രൂപ്പ് A2 ഗണത്തിൽ ഉൾപ്പെടുന്ന സ്പെഷ്യൽ റസിഡെൻഷ്യൽ കെട്ടിടം നിർമ്മിക്കുന്നതിന്, നിലവിലുള്ള കെട്ടിടങ്ങളായ 3544.11 ച.മീ വിസ്തീർണ്ണമുള്ള സ്കൂൾ കെട്ടിടം( സെല്ലർ ഫ്ലോർ റസിഡൻഷ്യൽ+G.F+F.F+S.F), 787.81 ച.മീ വിസ്തീർ ണ്ണമുള്ള വിദ്യാഭ്യാസ കെട്ടിടം ബ്ലോക്ക് 1( സെല്ലർ ഫ്ലോർ+ G.F+F.F+T.F), 841.24 ച.മീ വിസ്തീർ ണ്ണമുള്ള വിദ്യാഭ്യാസ കെട്ടിടം ബ്ലോക്ക് 2 ( സെല്ലർ ഫ്ലോർ+ G.F+F.F+T.F), 26.10 ച.മീ വിസ്തീർണ്ണമുള്ള ടോയിലെറ്റ് ബ്ലോക്ക് , 29.15 ച.മീ വിസ്തീർണ്ണമുള്ള ഷെഡ്, 6.38 ച.മീ വിസ്തീർണ്ണമുള്ള പമ്പ് ഹൗസ് , 145.08 ച.മീ വിസ്തീർണ്ണമുള്ള കാർ ഷെഡ് 1, 82.50 ച.മീ വിസ്തീർണ്ണമുള്ള കാർ ഷെഡ് 2, 694.95 ച.മീ വിസ്തീർണ്ണമുള്ള കാർ ഷെഡ് 3 , വിഭാവിത നിർമ്മാണമായ 638.38 ച.മീ വിസ്തീർണ്ണമുള്ള സ്പെഷ്യൽ റസിഡൻഷ്യൽ കെട്ടിടം ( G.F+ F.F+ T.F+ Porch) എന്നിവ ഉൾപ്പെടെ ആകെ 6795.70 ച.മീ ബിൽട്ടപ്പ് വിസ്തീർണ്ണമുള്ള നിർമ്മാണങ്ങളുടെ ലേ ഔട്ട് അനുമതിക്കായി സിസ്റ്റർ ലിറ്റിൽ തെരേസ് സി.എം.സി. (പ്രസിഡണ്ട്), സി.എം.സി. കാർമെലൈറ്റ് പ്രൊവിൻഷ്യൽ, നെല്ലിക്കാംപോയിൽ, പി. ഒ. ഉളിക്കൽ എന്നിവർ സമർപ്പിച്ചിരുന്ന പ്ലാൻ പ്രകാരം , KMBR 2019 ചട്ടം 30 പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഭൂപയോഗത്തിനും ലേ ഔട്ട് അനുമതിക്കും അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. താഴെ പറയുന്ന നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ എൻ.ഓ.സി / അനുമതി ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയ ശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതി നൽകുവാൻ പാടുള്ളൂ.
2. KMBR-2019 ചട്ടം 9 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, അളവുകൾ, അതിരുകൾ, വിസ്തൃതി, ഭൂമിയുടെ തരം, അപേക്ഷകന്റെ നിർമ്മാണാവകാശം, നിർമ്മാണ സ്ഥലത്ത് നിലവിലുള്ള കെട്ടിടങ്ങളുടെ വിശദാംശങ്ങൾ എന്നിവയും നിർദിഷ്ട സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നില്ല എന്നും രേഖകൾ പരിശോധിച്ച് ശരിയാണെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

I/75963/2022

3. നിർമ്മാണം KMBR-2019 അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. KMBR-2019 ചട്ടം 42 പ്രകാരം ഭിന്നശേഷിക്കാർക്കുള്ള എല്ലാ സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ടെന്നു സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
5. KMBR-2019 ചട്ടം 76(1) പ്രകാരമുള്ള ഭൂഗർഭ ജല പോഷണ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
6. KMBR-2019 ചട്ടം 76(2)(3) പ്രകാരമുള്ള മഴ വെള്ള സംഭരണി ഏർപ്പെടുത്തേണ്ടതാണ്.
7. KMBR-2019 ചട്ടം 76(3)(2) പ്രകാരം ഓരോ 450 ചതുരശ്ര മീറ്ററിനും കുറഞ്ഞത് ഒരു വൃക്ഷം എന്ന നിരക്കിൽ മരങ്ങൾ നട്ടു വളർത്തേണ്ടതാണ്.

എൽ. എ നമ്പർ 62/2022 പ്രകാരം ജില്ലാ നഗരാസൂത്രകൻ അംഗീകരിച്ച കെട്ടിടവിന്യാസ വരപ്പുകൾ ഇതോടൊപ്പം അയക്കുന്നു.

ഇത് നിർമ്മാണത്തിനുള്ള അനുമതി പത്രമല്ല. ആയത് മുനിസ്സിപ്പാലിറ്റിയിൽ നിന്നും നിയമാനുസൃതം ലഭ്യമാക്കിയിരിക്കേണ്ടതാണ്.

ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം
കണ്ണൂർ - 670 002
തദ്ദേശ സ്വയംഭരണ വകുപ്പ് - പ്ലാനിംഗ്

പി. രവികുമാർ
ടൗൺപ്ലാനർ
കണ്ണൂർ

To

സെക്രട്ടറി, തളിപ്പറമ്പ മുനിസ്സിപ്പാലിറ്റി

<u>പകർപ്പ്</u>

1) സിസ്റ്റർ ലിറ്റിൽ തെരേസ് സി.എം.സി. (പ്രസിഡണ്ട്), സി.എം.സി. കാർമെലൈറ്റ് പ്രൊവിൻഷ്യൽ, നെല്ലിക്കാംപോയിൽ, പി. ഒ. ഉളിക്കൽ.

2) ഫയൽ 3) കരുതൽ ഫയൽ